പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1629 | 06.03.2017-ൽ മറുപടിയ്ക്ക് |
| --- | --- |

**നൂറുശതമാനം ജനങ്ങൾക്കും ശുചിമുറി എന്ന പ്രഖ്യാപനം**

| | ചോദ്യം | | ഉത്തരം |
| --- | --- | --- | --- |
| | ശ്രീ.സി.മമ്മൂട്ടി | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| (എ) | സംസ്ഥാനത്ത് നൂറുശതമാനം ജനങ്ങൾക്കും ശുചിമുറി എന്ന സർക്കാർ പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | ഇല്ല. എന്നാൽ സംസ്ഥാനത്ത് ഗ്രാമ പ്രദേശങ്ങളിൽ താമസിക്കുന്ന നൂറ് ശതമാനം ജനങ്ങൾക്കും ടോയ്‌ലറ്റ് സൗകര്യം ലഭ്യമാക്കി 01.11.2016ന് ഒ.ഡി.എഫ് പ്രഖ്യാപനം നടത്തിയിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് പ്രഖ്യാപനം നടത്താൻ നിശ്ചയിച്ച തീയതി എന്നാണ്; ഈ പദ്ധതി പൂർണ്ണമാവണമെങ്കിൽ സംസ്ഥാനത്ത് എത്ര പുതിയ ശുചിമുറികൾ വേണ്ടി വരുമെന്നതിന്റേയും നിർമ്മിച്ചവയുടെയും കണക്ക് സർക്കാരിന്റെ കൈവശമുണ്ടോ ; | (ബി) | ഗ്രാമ പ്രദേശങ്ങൾ 01.11.2016ന് പ്രഖ്യപനം നടത്തുവാനും നഗരപ്രദേശങ്ങൾ 31.3.2017 നകം പ്രവർത്തനം പൂർത്തികരിച്ച ശേഷം പ്രഖ്യാപനം നടത്തുവാനും നിശ്ചയിച്ചിട്ടുള്ളത്. 100% ജനങ്ങൾക്ക് ടോയ്‌ലറ്റ് പദ്ധതി പൂർത്തീകരിക്കണമെങ്കിൽ സംസ്ഥാനത്ത് ആകെ 2,03,297 (ഗ്രാമ പ്രദേശങ്ങളിൽ 174720, നഗരപ്രദേശങ്ങളിൽ 28577) ടോയ്‌ലറ്റുകൾ ആവശ്യമായിരുന്നു. ഗ്രാമ പ്രദേശങ്ങളിൽ 1.11.2016 ന് മുൻപ് തന്നെ 174720 ടോയ്‌ലറ്റുകളുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്. നഗരപ്രദേശങ്ങളിൽ നിർമ്മിക്കേണ്ടിയിരുന്ന 28,577 ടോയ്‌ലറ്റികളിൽ ഇതുവരെ 19441 എണ്ണം നിർമ്മിച്ചു കഴിഞ്ഞു. |
| (സി) | എങ്കിൽ എത്ര എണ്ണം ഇതേ വരെ പൂർത്തിയാക്കി ; | (സി) | 194161 ടോയ്‌ലറ്റുകൾ പൂർത്തിയാക്കിയിട്ടുണ്ട്. |
| (ഡി) | ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് പ്രഖ്യാപനം എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് വെളിപ്പെടുത്തുമോ ; | (ഡി) | ഗ്രാമീണമേഖലയിലെ ഒ.ഡി.എഫ് പ്രഖ്യാപനം മാത്രമാണ് 1.11.2016ൽ നടത്തിയത്. |
| (ഇ) | പ്രസ്തുത ശുചിമുറികൾ ഉപയോഗിക്കുന്നവരിൽ നിന്ന് പിരിച്ചെടുക്കുന്ന പണം വരുമാനമാർഗ്ഗമാക്കിയാണോ നിർമ്മിച്ച് പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (ഇ) | വ്യക്തിഗത ഗാർഹിക ടോയ്‌ലറ്റ് ഉപയോഗിക്കുന്നവരിൽ നിന്നും പണം പിരിച്ചെടുക്കുന്നില്ല. കമ്മ്യൂണിറ്റി/പബ്ളിക്ക് ടോയ്‌ലറ്റ് യൂണിറ്റുകളുടെ പരിപാലനത്തിനായി പ്രസ്തുത സൗകര്യം ഉപയോഗിക്കുന്നവരിൽ നിന്ന് യൂസർ ഫീ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ തീരുമാനപ്രകാരം സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ